# ദിവ്യവാർത്ത

വർത്തമാനത്തിന്റെ സമ്പൂർണ്ണത

Vol. XVI Issue 5 ആഗസ്റ്റ്-സെപ്തംബർ 2018



കേരളത്തിന് വേണ്ടി പ്രാർത്ഥിക്കാം... അവസരം ലഭിച്ചിട്ടും — PAGE 2

പരമാർത്ഥത ദൈവത്തെ ഓർപ്പിച്ചു.. — PAGE 3



ദിവ്യയാത്ര — PAGE 4

You are not your own / False Teachings — PAGE 5

American Corner / Health Corner / PROBLEM-SOLVING — PAGE 6

ബൈബിളിലൂടെ ദിവ്യയാത്ര / ബൈബിൾ ക്വിസ് / ആഗോള വാർത്തകൾ — PAGE 7

വാർത്തകൾ — PAGE 8


# ദുരിത കേരളം ആശ്വാസതീരത്തേക്ക്

**കോട്ടയം:** ഈ നൂറ്റാണ്ട് കണ്ട മഹാപ്രളയം സംഹാരതാണ്ഡവമാടിയ കേരളം ഒടുവിൽ ആശ്വാസതീരത്തേക്ക് എത്തുകയാണ്. രക്ഷാ ദൗത്യം അന്തിമഘട്ടത്തിലേക്ക് എത്തുന്നു. പത്ത് ലക്ഷത്തോളം പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു. ഇനി ദുരിതാശ്വാസ പ്രവർത്തനങ്ങളിലേക്കാണ് ശ്രദ്ധിക്കേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അണക്കെട്ടുകളിൽ ജലനിരപ്പ് കുറഞ്ഞുതുടങ്ങി. കുട്ടനാട്ടിലും, ആലപ്പുഴയിലും, കോട്ടയത്തും, മല്ലപ്പള്ളിയിലും, റാന്നിയിലും, കോഴഞ്ചേരിയിലും, പത്തനംതിട്ട, ചെങ്ങന്നൂർ, ആറൻമുള തുടങ്ങിയ സ്ഥലങ്ങളിലും നാശംവിതച്ചു. ഏറ്റവും ആൾക്കാർ കുടുങ്ങിയ ചെങ്ങന്നൂർ, പാണ്ടനാട് മേഖലകളിൽ നാശനഷ്ടങ്ങൾ ഏറെയാണ്. പ്രളയത്തിൽ തകർന്ന വീടുകളിലെയും കെട്ടിടങ്ങളിലെയും വൈദ്യുതി പുനസ്ഥാപിക്കുമെന്ന് മന്ത്രി അറിയിച്ചു. പ്രളയം ബാധിച്ച എല്ലാ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർമാരെ കരാർ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കും. വെള്ളു ശുദ്ധീകരിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഇവർ സഹായിക്കും. പൊതുമരാമത്ത് 4441 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 220 പാലങ്ങൾക്ക് തകരാർ സംഭവിച്ചു. ദുരിതത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കൾക്കും വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്കും എല്ലാവിധത്തിലുള്ള സഹായങ്ങളും നഷ്ടപരിഹാരവും സർക്കാർ നൽകുമെന്നും അറിയിച്ചു. മുടങ്ങിക്കിടന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മിക്കതും പുനരാരംഭിച്ചു.



## നോർത്ത് അമേരിക്കൻ ദൈവസഭാ നാഷണൽ കോൺഫറൻസ് ടെന്നസിയിൽ



*റവ. ഫിജോയി ജോൺസൺ, റവ. സാജു പി. തോമസ്, റവ. ഡോ. ഷിബു ശാമുവേൽ, ജോർജ് ചെറിയാൻ, റവ. എബി ജോയി*

**ടെന്നസി:** 24-ാമത് ദൈവസഭാ ദേശീയ സമ്മേളനം ടെന്നിസിയിലെ നോക്സവിൽ മാരിയറ്റ് റിസോർട്ട് ഹോട്ടലിൽ 2019 ജൂലെ 19- 21 വരെ നടക്കും. കൺവീനർ റവ. ഫിജോയ് ജോൺസൺ, സെക്രട്ടറി റവ. ഡോ. ഷിബു ശാമുവൽ, ട്രഷറാർ ജോർജ് ചെറിയാൻ, ലേഡീസ് കോർഡിനേറ്റേഴ്സ് ഡോ.ജൂലി തോമസ്, മേഴ്സി തോമസ്, ഗ്രേസി തോമസ്, സുനിത ജോൺസൺ, ഫേബി തോമസ്, വണ്ണമ്മ തോമസ്. പ്രതിനിധികളായി റവ ഫിന്നി വർഗീസ് (കാനഡ), ജോസൻ തോമസ് (ഫ്ളോറിഡ), റവ. തങ്കച്ചൻ മത്തായി (നോ. കരോലിന) റവ. സൈമൺ ഫിലിപ് (സൗ. കരോലിന), റോബിൻ രാജു, റവ. എബി മാമ്മൻ (ഡാളസ്), ജോൺസൻ ഏബ്രഹാം (ജോർജിയ), ആജി ഇടിക്കുള (ഹ്യൂസ്ററൺ), റവ. ബാബു കുഴ (ഇല്ലിനോയ്), റോബിൻ സാമുവൽ (മിഷിഗൻ) റവ. രാജൻ സ്കറിയ (ന്യൂജേഴ്സി), ഷാജി മാത്യു, റവ.ഫിന്നി തോമസ് (ന്യൂയോർക്ക്), ഗീവർഗീസ് വർക്കി(പെൻസിൽവാനിയ), റോബിൻ ബറ്റമിൻ (ടെന്നസി) റവ. പ്രിൺസ് ജോസഫ് (വിസ്കോൺസിൻ)ജോസ് ഏബ്രഹാം (ഒക്കലഹോമ) എന്നിവരെ കൂടാതെ തോമസ് മാത്യു (ന്യൂയോർക്ക്)അഡിറ്റർ ചുമതലയും റവ. കെ.ജെ മാത്യു സഭാവികസന്വചുമതലയം വഹിക്കുന്നു.

## ഐ.പി.സി കുടുംബ സംഗമം ഫ്ളോറിഡയിൽ പാസ്റ്റർ ആന്റണി റോക്കി നാഷണൽ കൺവീനർ

നിബു വെള്ളവന്താനം

**ഒർലാന്റോ:** പതിനോഴാമത് നോർത്ത് അമേരിക്കൻ ഐ.പി.സി കുടുംബ സംഗമം 2019 ജൂലൈ 25 മുതൽ 28 വരെ അമേരിക്കയിലെ കൊച്ചു കേരളം എന്നറിയപ്പെടുന്ന ഫ്ലോറിഡയിലെ ഒർലാന്റോ പട്ടണത്തിൽ വെച്ച് നടത്തപ്പെടും. വിശ്വവിഖ്യാതമായ ഡിസ്നി വേൾഡ് - സീ വേൾഡ് തീം പാർക്കുകൾക്ക് സമീപമുള്ള ഡബിൾ ട്രീ ഹിൽട്ടൻ ഹോട്ടൽ സമുച്ചയമാണ് കോൺഫ്രൻസിനായി സംഘാടകർ തിരഞ്ഞെടുത്തിരിക്കുന്നത്.



ഐ.പി.സി ഫാമിലി കോൺഫ്രൻസിന്റെ ദേശീയ ഭാരവാഹികളായി പാസ്റ്റർ ആൻറണി റോക്കി (കൺവീനർ), ബ്രദർ സി.എം. ഏബ്രഹാം (സെക്രട്ടറി), ബ്രദർ ജോൺസൺ ഏബ്രഹാം (ട്രഷറാർ), ഫിൻലി വർഗീസ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ജെസ്സി മാത്യൂ (ലേഡീസ് കോർഡിനേറ്റർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ചതുർദിന കോൺഫ്രൻസിന്റെ വിജയകരമായ നടത്തിപ്പിനും അനുഗ്രഹത്തിനുമായി എല്ലാ വ്യാഴാഴ്ചകളിലും വൈകിട്ട് 9 മുതൽ 10 വരെ (EST) പ്രത്യേക പ്രാർത്ഥനയ്ക്കായി വേർതിരിച്ചിട്ടുണ്ട്. 16054725249 എന്ന ഫോൺ നമ്പറിലൂടെ 790379 എന്ന ആകസസ് കോഡ് നൽകി പ്രാർത്ഥനാ ലൈനിൽ പ്രവേശിക്കാവുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി www.ipcfamilyconference.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## ദിവ്യവാർത്ത സാഹിത്യ അവാർഡിന് ക്രിസ്തീയ രചനകൾ സ്വീകരിക്കുന്ന തീയതി നീട്ടി

**ദിവ്യവാർത്തയുടെ പതിനഞ്ചാം വർഷം ആഘോഷക്കുന്നതിന്റെ ഭാഗമായി ഏറ്റവും നല്ല ക്രിസ്തീയ സാഹിത്യരചനയ്ക്ക് അവാർഡു നൽകുന്നു. നാലുപേജിൽ കവിയാതെയുള്ള മലയാള-ഇംഗ്ലീഷ് ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, ചെറുകഥകൾ, അനുഭവസാക്ഷ്യങ്ങൾ, (പ്രസിദ്ധീകരിക്കാത്തവ) സെപ്തംബർ 30 ന് മുൻപ് ലഭിക്കത്തക്കവിധം താഴെകാണുന്നവിലാസത്തിൽ അയക്കുക.**

**DivyaVartha**
**P.O. Box -7, Lewisville, Texas 75067, USA. Email: divyavartha@gmail.com**

ദിവ്യവാർത്ത വർത്തമാനത്തിന്റെ സമ്പൂർണ്ണത

EDITORIAL

# കേരളത്തിന് വേണ്ടി പ്രാർത്ഥിക്കാം ദുരന്തനിവാരണത്തിൽ പങ്കുചേരാം

ഈ നൂറ്റാണ്ടിലെ വലിയ ജലപ്രളയത്തിനും പ്രകൃതി ദുരന്തത്തിനും നമ്മുടെ കൊച്ചുകേരളം സാക്ഷ്യം വഹിച്ചു. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് പറയുന്ന നമ്മുടെ കേരളത്തിന്റെ ദുരവസ്ഥയിൽ വളരെ ഞെട്ടലോടെ ദൃശ്യമാധ്യമങ്ങൾക്കുമുൻപിൽ നാം ഏവരും ദുഃഖത്തോടെയിരുന്നു. കുന്നുകളും താഴ് വാരങ്ങളും വൃക്ഷലതാദികളാലും മനോഹരമായ കേരളം, എല്ലാം ശക്തമായ മഴയിലും ഉരുൾപൊട്ടലിലും ഡാമുകളിലെ ജലപ്രവാഹത്തിലും വലിയ നാശംവിതച്ചുകൊണ്ടും അനേക ജീവനുകൾ അപഹരിച്ചുകൊണ്ടും ഭീതിവിതറി. കാലങ്ങളായി നമ്മുടെ ജലശ്രോതസ്സിനെയും സമ്പത്തിനെയും പ്രകൃതിയെയും ചൂഷണം ചെയ്തു എന്ന് സമ്മതിച്ചേ തീരൂ. മാറി മാറി വന്ന ഭരണകർത്താക്കളെ കുറ്റപ്പെടുത്താതെ ഭാവിയിൽ ഇതാവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കാം. പുഴകളിലും കാടുകളിലേക്കുമുള്ള കടന്നുകയറ്റമവസാനിപ്പിച്ച് വിദഗ്ദ്ധരുടെ പഠനങ്ങളെ താൽക്കാലിക നേട്ടങ്ങൾക്കായി കാറ്റിൽ പറത്താതെ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കൈകോർക്കാം.

സർക്കാരിന്റെ പുതിയകേരളം എന്ന പദ്ധതി സാക്ഷാത്ക്കരിക്കാനായി കേരളത്തിലെ ജനങ്ങളും പ്രവാസിമലയാളികളും സഹകരിക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള പ്രവാസികളായ മലയാളികൾ സഹായഹസ്തങ്ങൾ നീട്ടുവാൻ വന്നിട്ടുള്ളത് ആശ്വാസകരമാണ്, അഭിനന്ദനാർഹമാണ്.

ഓഖി ദുരന്തം കേരളത്തിലെ തീരദേശങ്ങളിൽ ഉണ്ടാക്കിയ ആശങ്കയും വേദനയും ഇപ്പോഴും വിട്ടുമാറിയിട്ടില്ല. ദുരന്തമുഖത്ത് പിടിവള്ളിയായി ജീവൻത്യജിച്ചും കടന്നുവന്ന മത്സ്യതൊഴിലാളികൾ, കര-നാവികസേന, കേരള പോലീസ്, ഫയർഫോഴ്സ്, മറ്റ് സന്നദ്ധസംഘടനകൾ ഇവരുടെ കൈ മെയ് മറന്നുള്ള പ്രവർത്തനം ദുരന്തത്തെ ഒരുപരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞുവെന്നത് പ്രശംസനീയമത്രെ. 'മാവേലി നാടുവാണീടും കാലം മാലോകർ എല്ലാരും ഒന്നുപോലെ' എന്ന വരികളെ അന്വർത്ഥമാക്കി കേരളജനത അവസരത്തിനൊത്തു പ്രവർത്തിച്ചു.

പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവർ ദൈവത്തെ സ്നേഹിക്കുന്നു. തന്റെ സൃഷ്ടികൾക്ക് അതിന്റേതായ സംരക്ഷണം ലഭിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. വരും കാലങ്ങളിൽ ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ ഉപയോഗത്തിനായി സൂക്ഷിച്ചിരിക്കുന്ന എല്ലാ ദൈവിക സൃഷ്ടികളെയും ദൈവം നൽകിയിരിക്കുന്ന വ്യവസ്ഥയിൽ പരിപാലിച്ച് ഉപയോഗിക്കാം. കേരളത്തിലെ ജനങ്ങളുടെ ദുരിതത്തിൽ പ്രവാസിമലയാളികൾക്കൊപ്പം ദിവ്യവാർത്തയും പങ്കുചേരുന്നു. വിടുതലിനായി പ്രാർത്ഥിക്കുന്നു.


എസ്. പി. ജയിംസ്

## Daily Thought

*Life is filled with uncertainty. But that should never keep us from making decisions based on prayer and counsel and trusting God with the outcome.*
*I wait for the Lord  Psalm 130:5*


Bob Wicker

**മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും വാർത്തകളും അനുഭവ സാക്ഷ്യങ്ങളും രചനകളും പരസ്യങ്ങളും വിവാഹ പരസ്യങ്ങളും താഴെപ്പറയുന്ന വിലാസത്തിൽ അയച്ചു തരിക.**

**DIVYA VARTHA**
P.O. Box -7, Lewisville, Texas 75067, USA.
Tel: 214-334-6962, 972-345-0748.
Email: spjamesdallas@msn.com

# 'അവസരം ലഭിച്ചിട്ടും ഒന്നും ചെയ്യാതെയും ദോഷം പ്രവർത്തിച്ചും ജീവിച്ചവർ'

*(പാ. വീയപുരം ജോർജുകുട്ടി എഴുതിയ മരണത്തിനു മുൻപും, മരണവും, മരണാനന്തരവും പുസ്തകത്തിൽ നിന്നും ഒരു ഭാഗം)*




ദൈവം തന്റെ ജനമായ യെഹൂദജനത്തെ ഭരിക്കേണ്ടതിനു ന്യായാധിപന്മാരെയും രാജാക്കന്മാരെയും നിയമിക്കുകയുണ്ടായി. അവരിൽ ചിലർ ഭരണത്തിനൊപ്പം ദൈവികകാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുകയും പല നവീകരണങ്ങൾ ജനത്തിന്റെ മധ്യത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തു. എന്നാൽ ചിലരെക്കുറിച്ചു രേഖപ്പെടുത്തുമ്പോൾ ഭരണം ഏറ്റെടുത്തതായും, ഇത്രവർഷം ഭരണം നടത്തിയെന്നും, അതു കഴിഞ്ഞു നിദ്രപ്രാപിച്ചെന്നും അല്ലാതെ മറ്റൊന്നും രേഖപ്പെടുത്തുവാൻ ഇല്ലായിരുന്നു.

1. യായീർ: ഗിലെയാദ്യനായ യായീർ യിസ്രായേലിന് 22 സംവസ്തരം ന്യായപാലനം നടത്തി. അവന്റെ നേട്ടങ്ങളെക്കുറിച്ച് എഴുതുവാൻ ഒന്നുമില്ലായിരുന്നു. പിന്നെ അവൻ ചെയ്തത്, 30 പുത്രന്മാരെ ജനിപ്പിച്ചു. 30 പേരെയും കഴുതസവാരി പഠിപ്പിച്ചു. 30 പേർക്കും 30 വീടുകൾ പണിയിച്ചുകൊടുത്തു ഇത്രമാത്രം (ന്യായ. 10:3-5)

2. ഇബ്സാൻ: ബേത്ലേഹെമ്യനായ ഇബ്സാൻ യിസ്രായേലിന്റെ ന്യായാധിപനായി ഏഴു സംവത്സരം ന്യായപാലനം നടത്തി. അവർ 30 പുത്രന്മാരെയും 30 പുത്രിമാരെയും ജനിപ്പിച്ചു. 30 പുത്രിമാരുടെയും 30 പുത്രന്മാരുടെയും വിവാഹം കെങ്കേമമായി നടത്തി എന്നതൊഴിച്ചു മറ്റൊന്നും ചെയ്തതായി കാണുന്നില്ല (ന്യായ. 12:8-10).

3. അബ്ദോൻ: ഹില്ലേലിന്റെ മകനായ അബ്ദോൻ എട്ടു സംവത്സരം യിസ്രായേലിനു ന്യായപാലകനായിരുന്നു. അവനു 40 പുത്രന്മാരും 30 പൗത്രന്മാരും ഉണ്ടായിരുന്നു. മക്കളെയും കൊച്ചുമക്കളെയും കഴുതസവാരി പഠിപ്പിച്ചതല്ലാതെ അവനെക്കൊണ്ടു ദൈവത്തിനും യിസ്രായേൽ ജനത്തിനും മറ്റു പ്രയോജനമൊന്നും ഉണ്ടായതായി രേഖപ്പെടുത്തിയിട്ടില്ല (ന്യായ 12:13-15)

4. യെഹോരാം: യെഹോശാഫാത്തിന്റെ മകനായ യെഹോരാം രാജാവായി എട്ടു സംവത്സരം യെരുശലേമിൽവാണു. തന്റെ രാജത്വം ഉറപ്പിച്ചശേഷം തന്നെക്കാൾ നല്ലവരായ സഹോദരന്മാരെ കൊന്നുകളയുകയും, ആർക്കും ഇഷ്ടനാകാതെ കഴിഞ്ഞുപോവുകയും ചെയ്തു (2 ദിന 21:14, 13, 20).

5. ആഹാബ്: യിസ്രായേലിൽ 22 സംവത്സരം വാണു തനിക്കു മുൻപുണ്ടായിരുന്ന എല്ലാവരെക്കാളും അധികം യഹോവയ്ക്ക് അനിഷ്ടമായതു ചെയ്തു. നീതിമാനായ നാബോത്തിനെ ചതിവിൽകൂടെ കൊന്നുകളഞ്ഞു. ബാലിനു മുട്ടുമടക്കാത്ത 7001 പേർ ഒഴിച്ചു ബാക്കിയുള്ളവരെ മുഴുവൻ യിസ്രായേലിന്റെ ദൈവത്തിൽനിന്നകറ്റി ബാലിന്റെ തൊഴുത്തിൽ കൊണ്ടുചെന്നു കെട്ടി. ഒടുവിൽ നീചമായ അന്ത്യം ആഹാബും ഭാര്യ ഇസബേലും ഏറ്റുവാങ്ങി (1 രാജ. 21, 1 രാജ. 16:29, 30)

6. ആഹാസ്: യെരുശലേമിൽ 16 വർഷം ഭരണം നടത്തി. അവർ ദൈവാലയത്തിന്റെ വാതിലുകൾ അടച്ചു. ഉപകരണങ്ങൾ ഉടച്ചുകളഞ്ഞു. ആലയത്തിലെ വിളക്ക് കെടുത്തി. യെരുശലേമിന്റെ ഓരോ മൂലയിലും ബലിപീഠങ്ങളെ ഉണ്ടാക്കി, സ്വന്തം പുത്രന്മാരെ അഗ്നിപ്രവേശം ചെയ്യിച്ചു (2 ദിന. 28:1-27)

വിസ്താരഭയത്താൽ മറ്റു പലരുടെയും കാര്യങ്ങൾ എഴുതുന്നില്ല. ഒരു ആയുസ്സ് ദൈവം നമുക്ക് ദാനമായിത്തന്നതു ദൈവത്തിനായി ഉപയോഗിക്കാം. ഇന്നു ചിലരുടെ ചരിത്രം മുഴുവൻ എഴുതുവാൻ പോയാൽ ഇപ്രകാരം എഴുതേണ്ടിവരും : മിനക്കെട്ടു നിൽക്കുന്നതു കണ്ടു മുന്തിരിത്തോട്ടത്തിൽ അധ്വാനിക്കുവാനായി ദൈവം വിളിച്ചു. ന്യായമായതു തരാം എന്നു പറഞ്ഞെങ്കിലും അന്യായമായി ധാരാളം നേടി. മൂന്നും നാലും തലമുറകൾക്ക് അനുഭവിക്കത്തക്ക നിലയിൽ വാരിക്കൂട്ടി. സ്ഥാനമാനങ്ങൾ തലയ്ക്കു പിടിച്ചതിനാൽ പാവം ദൈവജനം സുവിശേഷവേലയ്ക്കു കൊടുത്ത പണം വോട്ടുപിടിക്കാൻവേണ്ടി വാരിയെറിഞ്ഞു. മരണംവരെ സ്ഥാനം നിലനിർത്തുവാൻ കുതന്ത്രങ്ങൾ മെനഞ്ഞു. ദൈവവിളിയില്ലാത്ത, ദൈവം ശുശ്രൂഷ ഏല്പിക്കാത്തമക്കൾക്ക് അതു കൈമാറി. കൈക്കൂലി വാങ്ങി നീതി നടത്തിയില്ല. എളിയവരോടു പ്രാർത്ഥിക്കാം എന്നു പറഞ്ഞതല്ലാതെ കൈയിൽ ഉണ്ടായിട്ടും സഹായിച്ചില്ല. വേദികൾ ഓടിനടന്നു കൈയടക്കി. ഭക്തിയില്ലാതെ ഭക്തിയുടെപ്രകടനങ്ങൾ കാണിച്ചു. സസിനിമാക്കാരെ വെല്ലുന്ന അഭിനയം നടത്തി. ഒടുവിൽ കർത്താവിൽ നിദ്രപ്രാപിച്ചു എന്നു പരസ്യപ്പെടുത്തി. ആഘോഷമായ ശവമടക്കം ലഭിച്ചു. എന്നാൽ ദൈവസന്നിധിയിൽ പൂജ്യം മാത്രം.

DIVYA DHARA MINISTRIES
**ദിവ്യധാര മിനിസ്ട്രീസ്, ഡാളസ്**
**ജോസ് പ്രകാശ് കരിമ്പിനേത്ത്**
**972-345-0748**
**എസ്.പി.ജയിംസ്**
**214-334-6962**

ഇന്ത്യയിലും അമേരിക്കയിലും പ്രമുഖരായ ഗായകരെ അണിനിരത്തിക്കൊണ്ടുള്ള സംഗീത സായാഹ്നം. ജീവകാരുണ്യപ്രവർത്തനങ്ങൾ, നിരാലംബരായവർക്ക് ഭവനനിർമ്മാണ സഹായം, വിധവാസഹായം. മീഡിയ മിനിസ്ട്രി: ഓഡിയോ, വീഡിയോ കാസറ്റുകൾ പുറത്തിറക്കുന്നു.

DALLAS KAPPAS GOODWILL MINISTRY
**Dallas - Texas**

**CARING FOR THE POOR & NEEDY.**
**SHARING THE GOSPEL**
Board of Directors:
Achenkunju Kappamammoottil,
Rajan Kappamammoottil,
Babukutty Kappamammoottil,
S.P. James, Prasad K. Chacko

**Dallas**
Pr. Johnson Zachariah
Pr. Shaji Thomas
P.M. Alexander
Shaji Maniyatt
**Houston**
Joy Thumpamon
P.S. Philip
Joseph Kurian
**Atlanta**
Pr. P.P. Kurian
**Okalahoma**
Dr. Tom John
Christo Cherian
**Chicago**
Varghese Mathew
**New York**
Abraham Chacko
Jacob P.C.
**California**
Rajan Cherakkat
**Philadelphia**
Dr. Jacob K. Thomas
**Arizona**
Pr. T.S. Kappamammoottil
**Florida**
Nibu Vellavanthanam
**Canada**
V.K. Johnson
**London (UK)**
Pr. Jeffy George
**India**
Pr. Jacob Samuel (Cochin)

**Advisory Board**
Pr. Mathew C. Samuel
PPFD (Convenor)

ദിവ്യവാർത്തയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ ഉൾപ്പെടെയുള്ള രചനകളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

# പരമാർത്ഥത ദൈവത്തെ ഓർപ്പിച്ചു ഉണർത്തുക (2 രാജ 20:3)

യെഹൂദാ രാജാവായ ഹിസ്ക്കിയാവ് മരിക്കത്തക്ക രോഗം പിടിച്ച് കിടക്കുമ്പോൾ ആമോസിന്റെ മകനായ യെശയ്യാ പ്രവാചകനെ ദൈവം അവിടേക്കയക്കുന്നു. മുഖവുരകൾ ഒന്നും പറയാതെ ദൈവം തന്നെ ഭരമേൽപ്പിച്ച ദൂത് രാജാവിനോടു പറഞ്ഞു. നിന്റെ ഗൃഹകാര്യം ക്രമത്തിൽ ആക്കുക. നീ മരിച്ചുപോകും ശേഷിക്കയില്ല എന്ന് യഹോവ അരുളിചെയ്യുന്നു. ഈ ദൈവാലോചനകേട്ടനേരം ഹിസ്കിയാവ് മുഖം ചുമരിന്റെ നേരേ തിരിച്ചു യഹോവയോടു പ്രാർത്ഥിച്ചു. അയ്യോ യഹോവേ ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്നു നിനക്ക് പ്രസാദമുള്ളത് ചെയ്തിരിക്കുന്നു എന്നു ഓർക്കണമേ.

ഹിസ്കിയാവ് ഏറ്റവും കരഞ്ഞു. കരച്ചിലിന്റെ മറുപടി പ്രവാചകനിലൂടെ ദൈവം കൊടുത്തു. ഞാൻ നിന്റെ ആയുസ്സിനോട് പതിനഞ്ചു സംവത്സരം കൂട്ടും. അതായത് ഒരു ക്രിസ്റ്റൽ ജൂബിലികൂടി കൂട്ടിക്കൊടുത്തു. ഇവിടെ വിശ്വസ്തത, ഏകാഗ്രഹൃദയം ഈ രണ്ട് പ്രത്യേക വിഷയങ്ങൾ ദൈവത്തെ ഓർപ്പിച്ചു ഉണർത്തി എന്നു വായിക്കുന്നു. 15 സംവത്സരം കൂടികിട്ടിയപ്പോൾ മുമ്പുണ്ടായിരുന്ന ചിന്തകൾക്കു അല്പം മങ്ങൽ സംഭവിച്ചു എന്നു തുടർന്നുള്ള വാക്യങ്ങളിലൂടെ മനസ്സിലാക്കുവാൻസാധിക്കും. ബലദാന്റെ മകനായ ബെരോദാക്ക് ബലദാൻ ഹിസ്ക്കിയാവ് ദീനം ആയി കിടക്കുന്നു എന്ന് അറിഞ്ഞപ്പോൾ എഴുത്തു കൊടുത്തുവിട്ടു അതോടൊപ്പം സമ്മാനവും കൊടുത്തയച്ചു. ഹിസ്കിയാവ് അവരുടെ വാക്ക് കേട്ടു തന്റെ ഭണ്ഡാരഗൃഹം മുഴുവനും പൊന്നും, വെള്ളിയും, സുഗന്ധവർഗ്ഗവും, പരിമിള തൈലവും, തന്റെ ആയുധശാലയും തന്റെ ഭണ്ഡാരത്തിൽ ഉള്ളത് ഒക്കെയും അവരെ കാണിച്ചു. ആയുസ്സ് നീട്ടി ലഭിച്ചപ്പോൾ തന്നിലേക്ക് താൻ അറിയാതെ പ്രവേശിച്ച രണ്ട് സ്വഭാവം. 1. നിഗളം, 2 സ്വയപ്രശംസ ആകയാൽ ദൈവത്തിന്റെ അരുളപ്പാടു യെശയ്യാ പ്രവാചകനിലൂടെ മുഴങ്ങിക്കേട്ടത്. രാജധാനിയിൽ ഇതൊക്കെയും നിന്റെ പിതാക്കന്മാർ ഇന്നുവരെ ശേഖരിച്ചുവെച്ചതുമായ സകലതും എടുത്തുകൊണ്ട് പോകും. ഹിസ്കിയാവിനുണ്ടായ ഏക ആശ്വാസം തന്റെ ആളുകളിൽ സംഭവിക്കയില്ല എന്നതായിരുന്നു. അപ്പോസ്തലനായ പൌലോസ് ന്യാധിപതി സംഘത്തെ നോക്കിക്കൊണ്ട് പറഞ്ഞ വിഷയം ഇന്നയോളം കേവലം നല്ല മനസ്സാക്ഷിയോടുകൂടെയാണ് ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നത്.

ഇതു ഓരോ ആത്മീകനും മാതൃക ആയിരിക്കട്ടെ. അനേകരെ പാപത്തിലേക്കും ലൈംഗിക അരാചകത്തിലേക്കും വഴിനടത്തിയ രജനീഷ് അമേരിക്കയിൽവെച്ചു ചങ്ങളകളാൽ ബന്ധിതനായി പോലീസിനോടൊപ്പം നടക്കുന്ന കാഴ്ച ദൃശ്യമാധ്യമങ്ങളിൽ എല്ലാം വന്ന സംഭവം ആണ്. തന്റെ ഉപദേശം ഇപ്രകാരം ആയിരുന്നു. മനസ്സാക്ഷിക്കുറ്റം എന്നത് എക്കാലവും നിലനിൽക്കുകയില്ല. ഒരു തെറ്റ് ആദ്യം ചെയ്യുമ്പോൾ മനസാക്ഷി വിലക്കും. പല ആവർത്തി ചെയ്യുമ്പോൾ അപ്പോഴും സംഭവിക്കും. എന്നാൽ തുടർച്ചയായി ചെയ്തു കഴിയുമ്പോൾ മനസാക്ഷി എന്നതു ഓടിമറയും പിന്നെ എന്ത് ചെയ്താലും അതു തെറ്റായി തോന്നുകയില്ല.





പാസ്റ്റർ പി.പി. കുര്യൻ

ആത്മീയരുടെ ഇടയിലും ഈ വിധത്തിലുള്ള വിഷയങ്ങൾ ആണ് കണ്ട് വരുന്നത്. ചിലർ ചെയ്യുന്ന വിഷയങ്ങളിൽ അവരുടെ മനസാക്ഷി തഴമ്പിച്ച് പോയതിനാൽ ഇപ്പോൾ ചെയ്യുന്നതു ഒന്നും അവർക്കു തെറ്റായി തോന്നുകയില്ല. ദൈവസന്നിധിയിൽ ഇങ്ങനെയുള്ളവർക്കു പറയുവാൻ സാധിക്കുകയില്ല. ഞാൻ കേവലം നല്ല മനസാക്ഷിയോടെ ആണ് നടന്നത് എന്നു. അതിന് പകരമായി മനസാക്ഷി സൂക്ഷിപ്പുകാരായ ചില പത്രമാധ്യമങ്ങളിലൂടെ ജനത്തെ ഞാൻ പരമാർത്ഥി ആണ് എന്നു വരുത്തി തീർക്കുവാൻ കാണിക്കുന്ന ഉത്സാഹം കണ്ടാൽ ആരും നമ്രശിരസ്ക്കരായി നിൽക്കേണ്ടിവരും. ഏതു പ്രതിസന്ധിയിലും തകരാതെ നിൽക്കണം എങ്കിൽ പൌലോസ് പറയുംപോലെ കേൾക്കുവാൻ ഇടവരണം. അതുകൊണ്ട് എനിക്കു ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എപ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ ശ്രമിക്കുന്നു. തിരുവെഴുത്തു വീണ്ടും പറയുന്നു ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവൻ നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിന് നല്ല മനഃസാക്ഷി ഉള്ളവർ ആയിരിപ്പിൻ. പലരും പലവിഷയങ്ങൾ ചെയ്യുന്നതു കാണുമ്പോൾ ഇവർക്കു മനസാക്ഷി എന്ന ഒന്നു ഇല്ലേ എന്ന് ചിന്തിച്ചുപോകും. ധനസമ്പാദനവിഷയത്തിൽ ഒരു മനഃസാക്ഷിയും ഇല്ലാതെ ഇങ്ങനെയുള്ളവർ വ്യാജ പ്രസ്താവനകൾ നടത്തി ധനം സമ്പാദിക്കുന്നുണ്ട്. ദൈവവും ആയി അടുത്ത ബന്ധം പുലർത്തുന്നവർ എന്ന ലേബലിൽ ആണ് ഈ മനസാക്ഷി വഞ്ചന നടത്തുന്നത്.

ഈ ലേഖനം എഴുതുമ്പോൾ ഒരു പ്രത്യേക ചിന്ത ഓടി എത്തുന്നത്. ഓരോ വ്യക്തിക്കും ചില അനർഘ നിമിഷങ്ങളുടെ നിർമ്മല മനസ്സാക്ഷിയിൽ നിന്നു ദീർഘശ്വാസം വിട്ടാൽമതി. ദൈവം സഹായകനായി ഓടിയെത്തും. നമ്മുടെ ആരാധനകളിൽ നിർമ്മല മനസാക്ഷിയോടെ ആരാധിക്കണം. നമ്മുടെ എല്ലാ കൊടുക്കൽവാങ്ങലിൽ നിർമ്മല മനസാക്ഷി ഉണ്ടായിരിക്കണം. ദൈവം നമ്മെ വിളിച്ചിരിക്കുന്നതു കേവലം ദൈവത്തിന് പ്രയോജനപ്പെടുന്നവർ എന്നുള്ള ഉദ്ദേശം മാത്രം അല്ല. പ്രത്യുത നാം നല്ല മനസാക്ഷി ഉള്ളവർ കൂടെ ആയിരിക്കണം. മനസാക്ഷിക്കുറ്റം വിധിക്കുന്ന ഒരു കാര്യത്തിലും ആരും ഇടപെടരുത്. അങ്ങനെ ചെയ്യുവാൻ ആരംഭിച്ചാൽ കാലക്രമേണ അതിൽ മുക്കിക്കളയും. വള്ളത്തിൽ ചെറിയ തോതിൽ മാത്രമേ വെള്ളം കയറുന്നുള്ളു എന്നു ചിന്തിച്ചു ആരും ഉദാസീനരായി ഇരിക്കയില്ല. പെട്ടെന്നു അതിനുള്ള പ്രതിവിധികൾ ചെയ്യും അതല്ല എങ്കിൽ വള്ളം വെള്ളം മൂലം മുങ്ങിപോകുകയും ആപത്ത് ഉണ്ടാകുകയും ചെയ്യും. ഈ ലേഖനം വായിക്കുന്ന സമയത്തു തന്നെ ഒരു സ്വയം ശോധനക്കു വിധേയപ്പെടുക. ദൈവമേ! ഞാൻ നല്ല മനസാക്ഷിയോടെ കൂടെയാണോ ഇത്രയും നാൾ ചിലവഴിച്ചത്? അതല്ലെങ്കിൽ ദാവീദിന് ദൈവത്തിൽ നിന്നും ലഭിച്ച സാക്ഷ്യംപോലെ എന്റെ ഹൃദയപ്രകാരം ദാവീദ് വക്രനോട് വക്രത കാണിക്കുന്നവനാണ് ദൈവം. നല്ല മനസാക്ഷിയുള്ളവർക്ക് ശുദ്ധ മനസ്സാക്ഷി ഉള്ളവരായിരിക്കാൻ സാധിക്കും. അവരുടെ പ്രവൃത്തികൾ കുറ്റമറ്റ മനസാക്ഷിയോടെ ആയിരിക്കും. എന്നാൽ നല്ല മനഃസാക്ഷി ഇല്ലാത്തവരിൽ അത് ദുർമനസാക്ഷിയായി മാറി മലനപ്പെട്ടു അനേകർക്ക് ദുർഗന്ധം പരത്തുന്നവരായി തീരും. ആകയാൽ ദൈവസന്നിധിയിൽ നല്ല മനസാക്ഷി ഉള്ളവരായി നിന്നുകൊണ്ട് ജനത്തിന്റെ ഇടയിൽ അതു വെളിപ്പെടുത്തിക്കൊടുക്കുവാൻ ദൈവം ഏവർക്കും കൃപചെയ്യട്ടെ.

'എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ' 1 പത്രൊ. 4:7.

ദൈവവചനാടിസ്ഥാനത്തിൽ യുഗാന്ത്യസംഭവങ്ങൾ വിലയിരുത്തി പഠിക്കുവാനും, കർത്താവിന്റെ മേഘ പ്രത്യക്ഷതക്കായി ഒരുക്കപ്പെടുവാനും ഒരു സുവർണ്ണാവസരം

Every Friday 7 to 8.45 pm
at
Family Cathedral
790 Windbell Circle, Mesquite, TX 75149

കൂടുതൽ വിവരങ്ങൾക്ക്

Pr. Shaji Thomas
Dallas Church of God
Mesquite
Phone : 469 407 6352

പ്രാർത്ഥിപ്പിൻ
സംബന്ധിപ്പിൻ
അനുഗ്രഹം പ്രാപിപ്പിൻ

PROUDLY OWN A PIECE OF AMERICA
INVEST AND LIVE IN DALLAS FORTWORTH METROPLEX
BEAM REAL ESTATE
*Special Incentives to New Home Buyers*
For more information :
S.P. JAMES - 214-334-6962
CHRIS JAMES - 214-505-1757



# യേശുവിന്റെ നാട്ടിലൂടെ


## ദീപ്തി യാത്ര

**ബേ**ത്‌ലഹേമിലെ ഓറിയന്റ് പാലസ് ഹോട്ടലിൽ രാത്രിയിലെ വിശ്രമത്തിനു ശേഷം പ്രഭാതപ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ എല്ലാവരും ബസിൽ കയറി യേശുവിന്റെ പാദസ്പർശം കാത്തുനിൽക്കുന്ന ഒലിവുമലയിലേക്ക് പോയി. യിസ്രായേലിലെ ഏറ്റവും ഉയരം കൂടിയ മലയാണ് ഒലിവുമല. കിദ്രോൻ താഴ് വരയുടെ വശത്തുള്ള കുന്നുകൾ ചേർന്ന മലയാണിത്. ഗത്ശമനത്തോട്ടം തെക്ക് പടിഞ്ഞാറെ ചെരുവിലാണ്. പെരുന്നാൾ ആഘോഷത്തിന് ഒലിവുമലയിൽ നിന്നാണ് മരക്കൊമ്പുകൾ ശേഖരിച്ചിരുന്നത്. ഒലിവുമലയിൽ യേശു വളരെ സമയം ചെലവഴിച്ചിട്ടുണ്ട്. യേശു യെരുശലേമിലേക്ക് ഒലിവുമലയുടെ ചരിവിലൂടെയായിരുന്നു യാത്രചെയ്തിരുന്നത്. കുന്നിൻ ചരിവിലുള്ള കൊച്ചുപട്ടണങ്ങളും മറ്റും ആകർഷണമാണ്. 'ഞാൻപോയതുപോലെ വീണ്ടും വരുമെന്ന് അരുളിച്ചെയ്തു. യേശു സ്വർഗ്ഗാരോഹണം ചെയ്ത ചരിത്രപ്രധാനമായ സ്ഥലത്ത് പാദം ചവിട്ടാൻ ലഭിച്ച അസുലഭ അവസരത്തെ ഓർത്ത് സന്തോഷഭരിതരായിരുന്നു ഞങ്ങൾ. മലയുടെ മുകളിൽ മതിൽകെട്ടും അതിനകത്ത് പള്ളിയുമുണ്ട്. ഒലിവുമരങ്ങൾക്കൊണ്ട് നിബിഡമായ ഈ പ്രദേശത്ത് നിന്നാൽ നല്ല ഇളം കാറ്റും കുളിർമയും തോന്നും. ദൂരെയായി ഹെർമഗദോൻ സമതല പ്രദേശം കാണാം. ഈ സ്ഥലം ഇപ്പോഴും പാലസ്തീൻകാരുടെ അധീനതയിലാണ്. ചരിത്രപരമായും വേദശാസ്ത്രപരമായും വളരെ പ്രാധാന്യമുള്ള ഈ മല നേരിട്ടു കാണുവാൻ സാധിച്ചത് ജീവിതത്തിലെ ധന്യാനുഭവമായി ഞങ്ങൾക്ക് തോന്നി. ക്രൂശീകരണത്തിന്റെ തലേരാത്രിയിൽ യേശു വേദനയോടെ പ്രാർത്ഥിച്ചത് ഒലിവുമലയിൽ ഇരുന്നായിരുന്നു. യഹൂദാപാരമ്പര്യപ്രകാരം ജലപ്രളയത്തിൽ പെട്ടകത്തിൽ നിന്ന് വെള്ളം താണുവോ എന്നറിയാൻ നോഹവിട്ടയ്ച്ച പ്രാവ് ഒലിവ് ഇല കൊത്തിയെടുത്തുകൊണ്ടുവന്നത് ഈ മലയിൽ നിന്നാണെന്ന് വിശ്വസിക്കുന്നു. മത്തായി 24:3 പറയുന്ന യേശുവിന്റെ ഒലിവുമലയിലെ പ്രഭാഷണങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.

ഒരു ഉയർന്ന സ്ഥലത്തുനിന്ന് 'ദൈവത്തിന്റെ നഗരമെന്ന്' വിശേഷിപ്പിക്കുന്ന യെരുശലേം പട്ടണവും അതിന്റെ മനോഹാരിതയും കണ്ട് ആസ്വദിച്ചു. പ്രകൃതിരമണീയമായ വലുതുംചെറുതുമായ കെട്ടിടങ്ങൾ എല്ലാംകൊണ്ടും കമനീയമാണ് യെരുശലേം നഗരം. തുടർന്ന് കുത്തനെ ഇറക്കമുള്ള കുദ്രോൻ താഴ് വരയുടെ സമീപത്തുകൂടെ യേശുവിനെ ജനം ഹോശന്ന പാടി ആർത്ത് പോയിരുന്ന സ്ഥലത്തുകൂടിയായിരുന്നു ഞങ്ങൾ യാത്രചെയ്തത്. യഹൂദരുടെ സിനഗോഗിന്റെ അടുത്തുള്ള അവരുടെ ആയിരക്കണക്കിന് കല്ലറകളും അതിനോടു ചേർന്ന് മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും പള്ളികളും അവരുടെ ആയിരിക്കണക്കിന് കല്ലറകളും കാണാമായിരുന്നു.

യേശുവിന് യഹൂദന്മാർ മുൾക്കിരടം ഉണ്ടാക്കാൻ ഉപയോഗിച്ച അക്കേഷ്യ ചെടികൾ കണ്ടപ്പോൾ കർത്താവിന്റെ ക്രൂശുമരണത്തിന്റെ നാളുകൾ വേദനയുള്ള ഓർമ്മകൾ ഹൃദയത്തിൽ പൊന്തിവന്നു. അവിടെനിന്ന് ഞങ്ങൾ ഗത്സമനത്തോട്ടത്തിലേക്ക് പോയി. യേശുവിന്റെ അന്ത്യദിനത്തിലെ പ്രവചന നിവർത്തിയായ സംഭവങ്ങൾക്കെല്ലാം സാക്ഷ്യം വഹിച്ച ഗെത്സമനത്തോട്ടം കമ്പിവേലികൾകൊണ്ട് സൂക്ഷിച്ചിരിക്കുകയാണ്. അനേകം ഒലിവുമരങ്ങൾ ഉണ്ടെങ്കിലും ചില ഒലിവുമരങ്ങൾ വലിയ വലിപ്പമേറിയതാണ്. യേശു ഇരുന്നു പ്രാർത്ഥിച്ചതായി കരുതപ്പെടുന്ന വലിയ ഒലിവുമരവും ഗൈഡ് ചൂണ്ടിക്കാണിച്ചു. പലരും അതിനടുത്ത് നിന്ന് ഫോട്ടോ എടുത്തു. ഒപ്പം യേശുവിന്റെ ക്രൂശുമരണ ദിനങ്ങളെ ഓർത്തപ്പോൾ എല്ലാവരുടെയും കണ്ണുകൾ ഈറനണിയിക്കുകയും ചെയ്തു. പ്രവചന നിവർത്തിയായി യേശു പിതാവായ ദൈവത്തിന്റെ ഹിതത്തിനായി തന്നെത്തന്നെ ലോകത്തിന്റെ പാപമോചനത്തിനായി സമർപ്പിച്ച സ്ഥലമാണ് ഗത്സമന. യേശു ഇവിടൊയിരുന്നു ഒടുവിലായി പ്രാർത്ഥിച്ചിരുന്നത് യേശുവിന്റെ രക്തം വിയർപ്പ് തുള്ളിക്കണക്ക് ഒഴുകിയിരുന്നത് എഴുതിയിരിക്കുന്നു. (ലൂക്കോസ് 22:44). ഈവക ഓർമ്മ നിലനിർത്താനായി പണികഴിപ്പിച്ചിട്ടുള്ള ഓൾനേഷൻസ് ചർച്ച് ഗെത്സമനപള്ളി, വേദനയുടെ പള്ളി എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്.

തുടർന്ന് ദാവീദിന്റെ പട്ടണത്തിലേക്ക് യാത്രയായി. യെരുശലേമിൽ കിദ്രോൻ താഴ് വരക്കടുത്തുള്ള കുന്നിന്റെ ഒരറ്റമാണ് സീയോൻ. പിൽക്കാലത്ത് യെരുശലേം നഗരം വളർന്നതോടെ സീയോൻ വിശുദ്ധനഗരമായ യെരുശലേമിന്റെ ഭാഗമായി. ദാവീദ് യെരുശലേം പിടിച്ചടക്കിയ ശേഷം ദാവീദിന്റെ നഗരമെന്ന് പേരിട്ട് അരമനപണിതു.





ഗത് സമനതോട്ടവും യേശു പ്രാർത്ഥിച്ചെന്നു പറയുന്ന ഒലിവുമരത്തിന്റെ അടുത്ത് ലേഖകനും ഭാര്യയും



*All Nations church നുള്ളിൽ ഗൈഡും ടീമംഗങ്ങളും*

ദാവീദിന്റെ പട്ടണത്തിൽ എത്തിയ ഞങ്ങളിൽ പലരും കിന്നരം വായിക്കുന്ന ദാവീദിന്റെ ശിൽപത്തിന് മുമ്പിൽനിന്ന് ഫോട്ടോ എടുത്തു. അവിടെനിന്ന് യേശു ശിഷ്യന്മാരുമായി അവസാനമായി അന്ത്യത്താഴത്തിനായി ഇരുന്ന സ്ഥലത്തെത്തി. തുടർന്ന് ദാവീദിന്റെ കല്ലറയും കാണുകയുണ്ടായി. തികഞ്ഞ നിശബ്ദതയോടെ ദാവീദിന്റെ നക്ഷത്രവും കിന്നരവും തുന്നിയ തുണിയുംകൊണ്ട് മൂടിയിട്ടിരിക്കുന്ന കല്ലറക്കു സമീപം യഹൂദ റബ്ബിമാരും പുരോഹിതന്മാരും ന്യായപ്രമാണം വായിച്ചുകൊണ്ടിരുന്നതും പ്രർത്ഥന ഉരുവിട്ടുകൊണ്ട് ഇരുന്നതും കാണാമായിരുന്നു. തുടർന്ന് സമയം വൈകിയതു മൂലം ഞങ്ങൾ ഹോട്ടലിലേക്ക് മടങ്ങി.



ദാവീദ് രാജാവിന്റെ കല്ലറയ്ക്കടുത്ത് ന്യായപ്രമാണം വായിക്കന്ന പുരോഹിതൻ



അന്ത്യത്താഴ സ്ഥലത്തെ ചിത്രം

Helping to Achieve Your Financial Goals

Financial Analysis
Tax Reduction Strategies
Saving Strategies
Investment Strategies

Life Insurances & Annuities
Disability Income Insurance
Long Term Care Insurance
Health Insurance Plans*

Retirement Plans
Mutual Funds
401(k) Set Up & Rollovers
IRA, Roth IRA & SEP IRA

College Saving Plans (529)
Wealth Transfer Strategies
Asset Protection Strategies
Business & Estate Planning



Shiju Abraham BCS
Financial Services Professional
5080 Spectrum Drive, 902W
Addison, Texas 75001

Spectrum
Spectrum Financial Group

972.455.4371
sabraham@financialguide.com

Let us help you to move up in Life

Shiju Abraham is a registered representative and offers securities through
MML Investors Services, LLC. Member SIPC, 5080 Spectrum Dr #902W, Addison, TX 75001, 972.458.9907.
CRN201610-187393



# YOU ARE NOT YOUR OWN



Pastor Roy Antony, Dallas

*And they all cried out at once, saying, "Away with this Man, and release to us Barabbas"—*
*Luke 23:18*

What happened to Barabbas is the picture of what happened to us when we were born again. Barabbas was guilty, but Jesus was innocent. Jesus suffered the death that Barabbas deserved, and instead Barabbas went free.

Similarly, we were guilty as scripture says, "for all have sinned and fall short of the glory of God," (Romans 3:23) and we were also condemned to death "For the wages of sin is death, but the gift of God is eternal life in Christ Jesus our Lord." (Romans 6:23). Yet Jesus Christ suffered our punishment so that we could go free.

Barabbas never thought or imagined this freedom, but it came to him as a favor that delivered him from physical death to life. Just as Barabbas did not ask for this substitution, God commanded His unconditional love towards us to save us from eternal judgement and death.

The scriptures says, "But God demonstrates His own love toward us, in that while we were still sinners, Christ died for us" (Romans 5:8). Jesus death set Barabbas free, but he had to choose whether to accept this new freedom or continue in his old selfish ways and come under eternal judgement. In the same manner, we have all been freed through the substitutionary death of Jesus Christ on the cross, but we have to choose the freedom offered to us in Christ Jesus.

As a Christian we need to develop a perpetual awareness that our lives are not our own (Romans 12:1-2). We belong to the Lord. The Lordship of Jesus should be the determining factor in every action of your life today. "For none of us lives to himself, and no one dies to himself. For if we live, we live to the Lord; and if we die, we die to the Lord. Therefore, whether we live or die, we are the Lord's. For to this end Christ died and rose and lived again, that He might be Lord of both the dead and the living" (Romans 14:7-9).

Every thought, word and deed should pass the test "Is this what Jesus wants?" He deserves this Lordship over our lives because of the price He paid for your sins. He died so you could live. Are you allowing Him to live through you the life he awarded you? Or are you like some who, "although they knew God, they did not glorify Him as God, nor were thankful, but became futile in their thoughts, and their foolish hearts were darkened (Romans 1:21)"?

Beloved of the Lord, do not be deceived, but give thanks to the Lord and yield your lives to His complete Lordship. For you are not your own!

# False Teachings

**Rishal Sunil Thomas**

Christian churches and believers have always been a victim of false prophets and false teachings. It is one of the top most reasons for the spiritual drought among the reformed Christians. Presently, the majority of the churches are too much focused on teachings based on some phrases such as "God will make you the head and not the tail", "God will not put you to shame but God will honor you," "worship powerfully to break the chains and bondage's" and so on. As these teachings concentrate on outer man the base of Christian teachings are decamped. Jesus Himself warned about the false prophets and false teachers that would emerge and it happened in the time of the disciples which was recorded by Paul in Galatians 1: 6-8. At present, the situation has gone too far that it is very difficult to identify the correct teachings and false teachings.

To know what a false teaching is we should be able to know the correct teaching. The plan of God in the beginning when He made man was eternal life. Death came into being when Eve and Adam sinned. Jesus was sent as a countermeasure to rectify and restore the original plan. He came to remove the gap between Yahweh and us. Jesus died on the cross and loved us so that we have everlasting life. "For this reason I bow my knees to the Father of our Lord Jesus Christ, from whom the whole family in heaven and earth is named that He would grant you, according to the riches of His glory, to be STRENGTHENED with might through His Spirit in the INNER MAN," Ephesians 3:14-16.

Nowadays Christians doesn't bother about inner man. Current teachings emphasis on material blessings which strengthen the outer man and skips the core issue of holiness and sin which in turn weakens the inner man. Today, sharing the Word, praying and testimonies are done so that the outer man shall be honored. For what is highly esteemed among men is an abomination in the sight of God." Luke 16:15. Most of them pray and read the bible seeking wellness for their jobs, health, academics and protection from death. Christians are becoming scared of death. There was a time when Christians boldly said "For if we live, we live to the Lord; and if we die, we die to the Lord. Therefore, whether we live or die, we are the Lord's. Romans 14:8.

As human beings we have a tendency to hear what satisfies our flesh and to protect our flesh. But as Christians, we must have a desire to hear only what satisfies our spirit and protect our spirit. We often miss the point that loving God and remembering the cross is being holy and running away from sin. "And those who are Christ's have crucified the flesh with its passions and desires." Galatians 5:24. The only thing that affects our relationship with God is sin. Our relationship with God is not going to get affected if we lose our job, if we become sick for a while, if we don't perform in our academics.

We should always remember that "For the love of money is the root of all evil"1 Timothy 6:10. Repeat a lie hundred times it becomes a truth. And if we hear a lie that satisfies our flesh, it doesn't take hundred times. As Christians, are we taking the armor of God to fight for our inner man or outer man? Jesus said, "You are those who justify yourselves before men, but God knows your hearts." Are you deceived by anyone?






# LONGEST RUN AS A BULL MARKET

The stock market logged another historic mark,reaching the record milestone of the nation's longest run as a bull market.

Robust corporate earnings, a booming economy, and a tax code overhaul continue to fuel the market’s upward trajectory after the financial doldrums that followed the Great Recession, and all this despite an escalating global trade war over tariffs and investor uncertainty as President Donald Trump distances himself from close aides facing a panoply of criminal charges.

It will be the longest period in which the index, which measures America's largest 500 public companies, has gone without a fall of 20 percent or more. By market, the index will have risen almost 325 percent since its low point in 2009.

Like the Dow Jones Industrial Average hitting 25,000 for the first time earlier this year, the symbolic milestone has been sustained by a confluence of economic policies and events.

“The markets, in the long run, really are based on two things — expectations of future interest rates and expectations of future earnings growth. Both are very positive right now,” economists at Euler Hermes North America.

Economists say the duration of the economic expansion is correlated to the types of companies that have propelled the market higher, and what that telegraphs to investors about the prospect of future growth.

“A lot of this bull market has been driven by technology stocks,” “They have accounted for a significant amount of the gains, especially the past few years — and that is typical. Tech is typically where you see some of the strongest growth and that’s where America competes very well,” due to the sector’s reputation for invention and innovation.

Technology shares the limelight with a few other industries. “Consumer discretionary has massively outperformed the S&P 500 by far, followed by technology and then financials after that. If you look at these types of things that have driven the overall economy, it makes sense,” says Wells Fargo Investment Institute.

Ironically, the recovery’s slow start may have extended the lifespan of this run. “In this particular cycle, it’s taken so long to play out over such a long period of time that things like the consumer discretionary sector have been able to hang on".

Economists also point towards Washington as a driver of the market run-up. a combination of strong earnings growth and a tax-cutting, deregulating administration in Washington is fueling the continued confidence of investors and corporate leaders.

*Yahoo*

HEALTH CORNER

# SUGAR’S DARK EFFECT ON YOUR MENTAL WELL-BEING

## CUTTING THE SUGAR & LOWERING YOUR RISK

*If you want to kick your sugar addiction and lower your risk for depression, anxiety, and dementia, there are some simple steps you can take, starting today. Remember, small changes add up to big benefits.*



Is sugar bad for you? When it’s found naturally, like the fructose in an apple or banana, and eaten in moderation, probably not. But when we’re talking about added sugar, the answer is a definitive “yes.” From your head to your toes, sugar can impact your entire body in some seriously unpleasant ways, and the potential consequences encompass much more than a few extra pounds.

In recent years, the over-consumption of added sugar has been implicated in heart disease, type-2 diabetes, dry and wrinkly skin, kidney failure, and more. And now, we’re beginning to learn about sugar and its negative impact on the brain and overall mental health. In fact, excessive consumption of sugar has been directly linked to major mental health concerns like depression, anxiety, and dementia.


For far too long, sweet foods have been promoted as happy, “feel-good” foods; indeed, when you eat sugar it sets off a cascade in your brain which results in the release of dopamine, but that fleeting shot of happiness is just that, and the damage it can cause to your mental health is insidious and long lasting, and decidedly not happy. *NG*

## KNOW YOUR SUGARS

It’s important to note that even if you’re diligent about checking labels, you may be confused by the fact that sugar hides behind more than 50 other names, including dextrose, fructose, glucose, lactose, maltose, sucrose, or high-fructose corn syrup. The American Heart Association recommends no more than 6 teaspoons, or 100 calories, a day of sugar for most women, and no more than 9 teaspoons, or 150 calories, a day for most men.

# PUTTING THE CART BEFORE THE HORSE, OR I MEAN, THE OX

*“So they set the ark of God on a new cart, and brought it out of the house of Abinidab…” (2 Samuel 6:3)*



**Dr. Kris Jackson** (USA)
krisjackson.org

I’m in a hurry just as you. New inventions help save time. I’m game for the latest contraption. This one zip-locks bags for the freezer, that one sweeps the floor robotically, another has the coffee brewed and waiting for you, just set the timer. We can’t blame David for harnessing modern technology, to expedite the Ark’s transport back to Jerusalem. He summoned a “new cart”. The invention was aimed at efficiency. An ox-cart can outrun a quartet of Kohathite priests any day. *“Let’s get the ball rolling. Hi-ho Silver, away!”*

David leads the procession with a dance, Uzzah cracks his whip, the wagon wheels turn and “big time” progresses seems to be made. But a way down the road the “oxen stumbled” (vs 6), Uzzah grabbed the Ark to steady it, and flash, a million volts of hydro-electric Gloryzapped him and he fell off the cart, dead. Having made good time, the hare passed the turtle, but then everyone had to sit in forced patience through Uzzah’s funeral service. Technology buried another victim.

It is possible to put the cart before the ox, to jump ahead of God’s will and end up taking twice as much time picking up the pieces as it would have taken had things been done the right way. Isn’t it funny how we always have time to do something over but never enough time to do something right! The new cart represents the ingenuity of the flesh. We all know how to *make things happen*. The ox-cart rolls full steam ahead so long as Uzzah is cracking the whip. It’s a picture of manipulation, contrivance, earning our way to God. The new cart may be a good thing but it is not a God thing.

Abram followed the same path. Unwilling or unbelieving to wait for Isaac, he fathers an Ishmael instead. It’s the “I want it and I want it now” complex that is so pandemic across the western world. Jesus could have fallen for the same temptation. Just fall down and worship the enemy on that lonely mountain and “all the kingdoms of the world” would be given to Him at once. Most temptation is nothing more than the selfish urge to not wait. On paper it appears you can get from point A to point B quicker with the new cart than by following the ancient rules but there is always a Nachon’s threshing floor somewhere along the way. Trials will inevitably shake the cart and cause the oxen to stumble. How does the “new and improved” fare in the hour of spiritual crisis?

Jumping into situations, jumping to conclusions and jumping the gun puts the cart before the horse, I mean, the ox. Paul admonished regarding ministry, “Let us wait on our ministering” (Romans 12:7). Elisha “poured water on the hands of Elijah” (2 Kings 3:11) before he dared lay hold of Elijah’s mantle. Being faithful in the menial thing he was soon elevated to the main thing. Rinsing anointing oil off the prophet’s hands prepared him then propelled him toward his own anointing. Elisha waited. John the Baptist waited. He was “in the desert till the day of his showing to Israel” (Luke 1:80). Giving your child a credit card before a library card puts the cart before the ox. Sex before marriage puts the cart before the ox. As does expecting promotion before performance.

David wanted quick results and an easy solution to a complex religious observance. His jumping of the gun resulted in a man’s death. How many dreams die because we don’t follow scriptural injunctions but rather jump on the band wagon…or the ox-cart? Fulfillment happens in God’s timing and on His terms. Sure, I’d like to speed up the process too, but by slowing my breathing and heart rate something more valuable begins to envelop…quiet assurance.

# ബൈബിളിലൂടെ ദിവ്യയാത്ര




## 1 യോഹന്നാൻ

സത്യവേദപുസ്തകത്തിലെ 62-ാമത്തെ പുസ്തകം. അധ്യായങ്ങൾ 5. വാക്യങ്ങൾ 105. അപ്പൊസ്തലനായ യോഹന്നാനാണ് ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ. സ്നേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാൻ സ്നേഹത്തെക്കുറിച്ച് ഈ ലേഖനത്തിൽ ഉടനീളം പരാമർശിക്കുന്നു. യോഹന്നാന്റെ സുവിശേഷവും ഈ ലേഖനവും തമ്മിൽ വളരെ സാദൃശ്യമുണ്ട്. വാക്കുകളിലെ ആശയങ്ങളും പ്രയോഗങ്ങളും ശൈലിയും തമ്മിൽ വളരെ സാമ്യമുണ്ട്.

ദൈവം വെളിച്ചമാണ്. ദൈവം സ്നേഹമാണ്. വെളിച്ചവും സ്നേഹവും ജീവനുമായ ദൈവത്തോട് സന്തോഷപൂർണ്ണമായ കൂട്ടായ്മ ബന്ധം യോഹന്നാൻ അപ്പോസ്തലൻ അനുഭവിച്ചിരുന്നു. 'വിശ്വസിക്കുക' എന്ന പദത്തിനാണ് ഈ ലേഖനത്തിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. യോഹന്നാന്റെ പേര് സുവിശേഷത്തിൽ കാണുന്നുണ്ടെങ്കിലും ഈ ലേഖനത്തിൽ യോഹന്നാന്റെ പേര് ഒരിടത്തും കാണുന്നില്ല. യോഹന്നാന്റെ ഒന്നാം ലേഖനമെന്നൊരു ശീർഷകമാണ് അതിന് നൽകപ്പെട്ടിട്ടുള്ളത്.



ക്രിസ്തുവിനെ നേരിൽ കണ്ടിരുന്ന ഒരു വ്യക്തി എന്ന നിലയിൽ പുതിയ തലമുറയിലെ വിശ്വാസികൾക്ക് ദൈവത്തിലുള്ള ഉറച്ച വിശ്വാസവും ധൈര്യവും പകർന്നുകൊടുക്കുവാൻ യോഹന്നാൻ ആധികാരികമായി ഈ ലേഖനം എഴുതുകയുണ്ടായി. സ്നേഹം എന്നത് കേവലം വാക്കുകളല്ല പ്രത്യുത അത് പ്രവർത്തിയാണ് എന്നും ഒരു വ്യവസ്ഥയും വയ്ക്കാത്തതാണ് ദൈവസ്നേഹം എന്നും സ്നേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാൻ ദൈവിക സ്നേഹത്തെപ്പറ്റി ഊന്നിപ്പറയുന്നു. കൂടാതെ ദുരുപദേശങ്ങളുടെ പ്രചരണം അപ്പോസ്തലിക ഉപദേശങ്ങളെ വെല്ലുവിളിച്ചുകൊണ്ടിരുന്ന കാലത്ത് അതിനെ ചെറുത്ത് വിശ്വാസികളെ ദൈവിക സ്നേഹത്തിലും വിശ്വാസത്തിലും ഉറപ്പിക്കുന്നതിന്കൂടിയാണ് ഈ ലേഖനം എഴുതിയത്. പ്രധാനമായി രണ്ട് പ്രധാന ഭാഗങ്ങളായി ലേഖനത്തെ തിരിക്കാം.

1. ദൈവിക കൂട്ടായ്മയുടെ അടിസ്ഥാനം 1-2:27
2. കൂട്ടായ്മയുടെ പ്രായോഗിക വശം 2:28-5:21

ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും, ദുരുപദേശങ്ങളെ ചെറുക്കുന്നതിനുമാണ് ഈ പുസ്തകരചനയുടെ ലക്ഷ്യം.

## Divya Bible Quiz - 5 (DBQ Series - VI)

1. യേശുവിനെ മരുഭൂമിയിലേക്ക് പോകുവാൻ നിർബന്ധിച്ചതാര്? ..........................................
2. ഇടയന്മാരെ വെറുത്തിരുന്നവർ? ..........................................
3. സാഫാത്ത് ഏതു ദേശക്കാരനാണ്? ..........................................
4. യോസേഫിന്റെ അസ്ഥികൾ അടക്കം ചെയ്തത് എവിടെ? ..........................................
5. 'നാം മുടിഞ്ഞുപോകാതിരിക്കുന്നത് ആരുടെ ദയ ആകുന്നു? ..........................................
6. യേശു മകളെ എന്ന് വിളിച്ചത് ആരെ? ..........................................
7. ദൈവത്തിനും മമനുഷ്യർക്കും മദ്ധ്യസ്ഥൻ? ..........................................
8. യഹോവ ശമുവേൽ ബാലനെ പേര് ചൊല്ലി വിളിച്ചത് എത്രപ്രാവശ്യം? ..........................................
9. യൂസ്തൊസിന്റെ മറുപേര്? ..........................................
10. 'ഞങ്ങൾ അവന്റെ മഹമ കണ്ട സാക്ഷികൾ' എന്ന് പറഞ്ഞതാര്? ..........................................

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ മലയാളത്തിൽ പ്രസിദ്ധീകരിച്ച 'സത്യവേദപുസ്തകത്തെ ആധാരമാക്കി തയ്യാറാക്കിയിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം വാക്യതെളിവുകളോടെ അയച്ചുതരിക. ഏറ്റവും കൂടുതൽ പോയിന്റ്സ് നേടുന്ന വ്യക്തിക്ക് പ്രത്യേക സമ്മാനം. (മുൻവിജയികൾ മത്സരത്തിൽ പങ്കെടുക്കാൻപാടുള്ളതല്ല, ഏറ്റവും കൂടുതൽ പോയിന്റ് നേടുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെ വിജയിയെ തെരഞ്ഞെടുക്കും)

Mail To: Divya Vartha, P.O. Box. 7, Lewisville, TX. 75067. Email: spjamesdallas@msn.com, divyavartha@gmail.com

Must be Received by September 30

Name ------------------------------------------------------------

Address ------------------------------------------------------------

------------------------------------------------------------

Ph: ------------------------------------------------------------

Email: ------------------------------------------------------------

**(Series V - Winners)**

**Sis. Elizabeth Kuruvilla, Mesquite, Texas**
**Sis. Rosamma Scariah, Mesquite, Texas**

**DBQ Series - VI points level**

4 - Binu P. John, Portland, OR (37), 4 - John K Paul, Abudhabi, UAE (40), 4 - Lebrin Paruthimmoottil, Mesquite, TX. (33), 4 - Saly John, Rohini, Delhi. (36), 4 - Sherin S. Thomas, Mesquite, TX (37), 4 - V.K. Scariah, Mesquite, TX (38)

*DBQ 4 ശരിയായ ഉത്തരങ്ങൾ*

1. ഏബാൽപർവ്വതം (Mount Ebal) Joshua 8:30
2. യഹോവ (Lord) Deuteronomy 34: 5,6
3. കഫർനാഹും (Capernaum) Mathew 11:23
4. ആസാ (Asa) 2 Chronicles 15:10, 11
5. 40 അധികം (Morethan forty) Acts 23:12, 13
6. യഹോവ അവിടെ (The Lord is there) Ezekiel 48:35
7. അബ്ശാലോം (Absalom) 2 Samuel 18:14
8. 38 വർഷം രോഗം പിടിച്ചു കിടന്നവൻ (Mathew 38 years in scbross) John 5:3
9. ഒരു ഇടങ്ങഴി (Omer) Exodus 16:36
10. ആറാം മുദ്ര (Sixth Seal) Revelations 6:12




# ഇമ്രാൻഖാൻ പാക് പ്രധാനമന്ത്രി


**ഇസ്ലാമാബാദ്:** പാകിസ്ഥാൻ പ്രധാനമന്ത്രിയായി പാക് ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റനും, പിടിഐ നേതാവുമായ ഇമ്രാൻ ഖാൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാഷ്ട്രപതിഭവനായ ഐവാനെ സദറിൽ നടന്ന ലളിതമായ ചടങ്ങിൽ പ്രസിഡന്റ് മംമൂൻ ഹുസൈൻ സത്യവാചകം ചൊല്ലിക്കൊടുത്തു.



ദേശീയ അസംബ്ലി ചേർന്ന് ഇമ്രാൻ ഖാനെ പ്രധാനമന്ത്രിയായി തെരഞ്ഞെടുത്തിരുന്നു. പാർലമെന്റിൽ നടന്ന വോട്ടെടുപ്പിൽ ഇമ്രാന് 176 വോട്ട് ലഭിച്ചപ്പോൾ പാകിസ്ഥാൻ മുസ്ലിംലീഗ് സ്ഥാനാർഥി ഷഹബാസ് ഷെരീഫിന് 96 വോട്ടാണ് ലഭിച്ചത്. കഴിഞ്ഞ മാസം 25ന് നടന്ന തെരഞ്ഞെടുപ്പിൽ പിടിഐ 270 സീറ്റിൽ 116 സീറ്റ് നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. ചെറുപാർട്ടികളും ഒമ്പത് സ്വതന്ത്രരും ഇമ്രാന് പിന്തുണ നൽകി.

രാഷ്ട്രീയത്തിലെത്തി രണ്ട് ദശകം പിന്നിടുമ്പോഴാണ് അറുപത്തഞ്ചുകാരനായ ഇമ്രാൻഖാൻ പാകിസ്ഥാന്റെ 22-ാമത് പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെടുന്നത്. അഴിമതിവിരുദ്ധ മുദ്രാവാക്യം ഉയർത്തിയാണ് ഇമ്രാൻഖാൻ പൊതുതെരഞ്ഞെടുപ്പിനെ നേരിട്ടത്. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും അഴിമതി തുടച്ചുനീക്കാനും പുതിയ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുമെന്ന് സത്യപ്രതിജ്ഞാചടങ്ങിനുശേഷം ഇമ്രാൻ ഖാൻ പറഞ്ഞു. പാകിസ്ഥാൻ ക്രിക്കറ്റ് ടീം മുൻ നായകൻ വസീം അക്രം, റമീസ് രാജ, ഇമ്രാൻഖാന്റെ ഭാര്യ ബുഷ്റ മനേക, പാകിസ്ഥാൻ ആർമി ചീഫ് ജനറൽ ഖമർ ജാവേദ് ബജ്വ തുടങ്ങിയവർ സത്യപ്രതിജ്ഞാചടങ്ങിൽ സംബന്ധിച്ചു.

# അഹിംസ കൈവിടരുത്: രാഷ്ട്രപതി



**ന്യൂഡൽഹി:** ദീർഘകാല ലക്ഷ്യങ്ങൾ പലതും നേടിയെടുക്കാറായിരിക്കെ, വിവാദ വിഷയങ്ങളും ബാഹ്യചർച്ചകളും ശ്രദ്ധതെറ്റിക്കരുതെന്ന് രാഷ്ട്രപതി റാം നാഥ് കോവിന്ദ് ആഹ്വാനം ചെയ്തു. രാജ്യത്തിന്റെ 72ാം സ്വാതന്ത്ര്യദിനത്തിന്റെ തലേന്ന് രാഷ്ട്രത്തോടായി നടത്തിയ പ്രസംഗത്തിലായിരുന്നു രാജ്യം നിർണായക ഘട്ടത്തിലെത്തി നിൽക്കുന്ന അവസരത്തിൽ ലക്ഷ്യം മറക്കരുതെന്ന അദ്ദേഹത്തിന്റെ ആഹ്വാനം. ഹിംസയുടെ ശക്തിയേക്കാൾ പതിന്മടങ്ങാണ് അഹിംസയുടെ ശക്തിയെന്നു മഹാത്മാ ഗാന്ധിയുടെ അഹിംസാവാദം വ്യക്തമാക്കുന്നു. ഹിംസയ്ക്കു സമൂഹത്തിൽ സ്ഥാനമില്ല. അഹിംസയാണ് ഗാന്ധിജി നമുക്കു നൽകിയിട്ടുള്ള ശക്തമായ ആയുധം. രാജ്യത്തു നടക്കുന്ന ആൾക്കൂട്ടക്കൊലയുടെയും അക്രമങ്ങളുടെയും പശ്ചാത്തലത്തിലായിരുന്നു രാഷ്ട്രപതിയുടെ ഈ പരാമർശം.

നേട്ടങ്ങൾ കൈവരിക്കാവുന്ന നിർണായകമായ കാലത്താണ് നാം ജീവിക്കുന്നത്. രാജ്യത്തെ മാറ്റത്തിന്റെയും വികസനത്തിന്റെയും വേഗം ദ്രുതഗതിയിലുള്ളതും അഭിനന്ദനാർഹവുമാണ്. ഗ്രാമസ്വരാജ് യജ്ഞത്തിലൂടെ ഏറ്റവും പാവപ്പെട്ടവരുടെയും അടിസ്ഥാനജീവിത സൗകര്യമില്ലാത്തവരുടെയും വീട്ടുപടിക്കൽ വൈദ്യുതി, ബാങ്കിങ് സൗകര്യം, ഇൻഷുറൻസ്, പ്രതിരോധ കുത്തിവയ്പ് തുടങ്ങി ഏഴു സേവനങ്ങളാണ് എത്തിക്കുന്നത് അദ്ദേഹം ചൂണ്ടിക്കാട്ടി. ഏതാനും ആഴ്ചകൾ പിന്നിടുമ്പോൾ, ഗാന്ധിജിയുടെ 150ാം ജന്മദിനത്തിന്റെ അനുസ്മരണാഘോഷങ്ങൾക്കു തുടക്കമാകും. ഗാന്ധിജി നമ്മുടെ സ്വാതന്ത്ര്യ സമരത്തെ നയിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്, അദ്ദേഹം എക്കാലത്തും നമ്മുടെ സദാചാര ദിശാസൂചികയായിരുന്നു. വിദേശരാജ്യങ്ങളിലും അദ്ദേഹം മാതൃകാ പുരുഷനായി ആദരിക്കപ്പെടുന്നു രാഷ്ട്രപതി പറഞ്ഞു.

# DIVYA VARTHA

AUGUST-SEPTEMBER 2018

Private Circulation Only

## ഐ.പി.സി. മിഡ് വെസ്റ്റ് റീജിയൻ കൺവൻഷൻ ഹ്യൂസ്റ്റണിൽ



*റവ . ഡോ. തോംസൺ. കെ. മാത്യു, പാ. ജെയിസ് പാണ്ടനാട്, റവ. സിബി തോമസ്, സിസ്റ്റർ ശ്രീലേഖ*

**ഹ്യൂസ്റ്റൺ:** ഐ.പി.സി.മിഡ് വെസ്റ്റ് റീജിയൻ കോൺഫറൻസ് ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2 വരെ ഐ.പി.സി. ഹെബ്രോൻ ഹ്യൂസ്റ്റനിൽവച്ച്നടക്കും. ഡാളസ്, ഹ്യൂസ്റ്റൺ, ഒക്കലഹോമ, ഓസ്റ്റിൻ, സാൻ അന്റോണിയോ എന്നിപട്ടണങ്ങളിലെ ഐ.പി.സി. സഭകളുടെ ഐക്യവേദിയാണ് മിഡ് വെസ്റ്റ് റീജിയൻ. പ്രസ്തുതകോൺഫെറൻസിൽ റവ. ഡോ. തോംസൺ. കെ. മാത്യു (ഓറൽറോബെർട്സ് യൂണിവേസിറ്റി പ്രൊഫസർ), പാ. ജെയിസ് പാണ്ടനാട് (ഇന്ത്യ), റവ. സിബി തോമസ് (അറ്റ്ലാന്റാ), സിസ്റ്റർ ശ്രീലേഖ (ഇന്ത്യ) എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. യുവജനങ്ങൾക്കുംസഹോദരിമാർക്കും വേണ്ടി പ്രത്യേക മീറ്റിംഗുകൾ ഉണ്ടായിരിക്കും. സെപ്റ്റംബർ 1ന് രാവിലെ 9 മുതൽ താലന്ത്പരിശോധന ഉണ്ടായിരിക്കും. പാസ്റ്റർ കെ.സി. ചാക്കോ (പ്രസിഡന്റ്), പാസ്റ്റർ കെ.വി .തോമസ് (വൈസ്പ്രസിഡന്റ്), പാസ്റ്റർ മാത്തുക്കുട്ടി സാമുവേൽ (സെക്രട്ടറി) , സാം വർഗീസ് (ജോയിന്റ് സെക്രട്ടറി), ജോസഫ് കുര്യൻ (ട്രഷറർ), വെസ്ലി ആലുമൂട്ടിൽ (പി.വൈ.പി.എ. പ്രസിഡന്റ്), സിമി ബിനോയ് (ലേഡീസ്കോർഡിനേറ്റർ) എന്നിവർ കോൺഫെറെൻസിനു നേതൃത്വംനൽകുന്നു.

## ദുരിതത്തിൽ കൈത്താങ്ങായി കുമ്പനാട് സെന്റർ പി.വൈ.പി.എ.



**കുമ്പനാട്:** മഴക്കെടുതിയും ഉരുൾപൊട്ടലും മൂലം ദുരിതത്തിലായ കുടുംബങ്ങൾക്ക് ദുരിതാശ്വാസ പ്രവർത്തനവുമായി കുമ്പനാട് സെന്റർ. ആറന്മുള, തട്ടയ്ക്കാട്, നന്നൂർ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ കേന്ദ്രികരിച്ചും പ്രളയബാധിത കോളനികൾ കേന്ദ്രികരിച്ചും പ്രവർത്തനം നടത്തി. സൗജന്യ മെഡിക്കൽ ക്യാമ്പും പലചരക്ക് സാധനങ്ങളുടെ കിറ്റ് വിതരണവും നടത്തി. ആരാരും എത്താനിടയില്ലാത്ത കോളനികളിൽ കുമ്പനാട് സെൻറർ പി.വൈ.പി.എ നടത്തിയ റീലീഫ് പ്രവർത്തനം ഏറെ ശ്രദ്ധേയമായിരു ന്നു. ഐപിസി പെനിയേൽ കോഴഞ്ചേരി സഭാ ശുശ്രുഷകൻ പാസ്റ്റർ മോൻസി പി മാത്യുവും സഭാംഗങ്ങളുമാണ് ഇതിനായുള്ള ദുരിതാശ്വാസ ഫണ്ടുകൾ സ്പോൺസർ ചെയ്തിരിക്കുന്നത്. സെന്റർ പി വൈ പി എ പ്രസിഡന്റ് പാസ്റ്റർ ബ്ലെസ്സൻ കുഴിക്കാലയുടെ നേതൃത്വത്തിൽ എല്ലാ സെന്റർ പി വൈ പി എ എക്സിക്യൂട്ടീവ്സും കമ്മിറ്റി അംഗങ്ങളും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ഗ്ലോബൽ മീഡിയ അസോസിയേഷൻ അമേരിക്കൻ റീജിയൻ നിലവിൽ വന്നു



**ഡാളസ്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ എഴുത്തുകാരുടേയും, മാധ്യമപ്രവർത്തകരുടേയും സംയുക്ത സമിതിയായ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ വടക്കേ അമേരിക്കൻ റീജിയന്റെ പ്രഥമ സമ്മേളനം ഡാളസിൽ നടന്നു. 16–ാ മത് ഐപിസി ഫാമിലി കോൺഫറൻസിന്റെ ഭാഗമായാണ് സമ്മേളനം സംഘടിപ്പിച്ചത്.

ഗ്ലോബൽ മീഡിയ അസോസിയേഷന്റെ വൈസ്പ്രസിഡന്റ് പാസ്റ്റർ സാംകുട്ടി ചാക്കോയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വടക്കേ അമേരിക്കൻ റീജിയൺ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അസോസിയേഷൻ ചെയർമാൻ സി.വി. മാത്യു നിർവഹിച്ചു. മാധ്യമരംഗത്തും ക്രൈസ്തവ സാഹിത്യ രംഗത്തും ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാംഗങ്ങളുടെ സജീവ സാന്നിധ്യവും ഇടപെടലും മനസിലാക്കിയതുകൊണ്ടാണ് ഇത്തരത്തിലൊരു ഏകോപന സമിതി രൂപീകരിക്കാൻ മുൻകൈയെടുത്തതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു. പാസ്റ്റർമാരായ ജേക്കബ് ജോൺ, ഷിബു നെടുവേലിൽ, ഫിലിപ്പ് പി. തോമസ് എന്നിവർ പ്രസംഗിച്ചു. കാൽ നൂറ്റാണ്ടിലധികമായി അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'കേരള എക്സ്പ്രസ്' വാർത്താ വാരികയുടെ ചീഫ് എഡിറ്റർ കെ.എം. ഈപ്പനെ സമ്മേളനത്തിൽ വെച്ച് പ്രശസ്തി പത്രം നൽകി ആദരിച്ചു. അച്ചൻകുഞ്ഞ് ഇലന്തൂർ പ്രശസ്തി പത്രം വായിക്കുകയും സി.വി. മാത്യു അവാർഡ് സമ്മാനിക്കുകയും ചെയ്തു. പാസ്റ്റർ വത്സൻ ഏബ്രഹാം, വെസ്ലി മാത്യു, കുര്യൻ ഫിലിപ്പ്, ജോർജ് മത്തായി, ഷാജി കാരക്കൽ, റോയി വാകത്താനം, രാജൻ ആര്യപ്പള്ളിൽ, പീറ്റർ മാത്യു വല്ല്യത്ത് എന്നിവർ ആശംസകൾ അറിയിച്ചു. ഗ്ലോബൽ മീഡിയ അസോസിയേഷൻ അമേരിക്കൻ റീജിയൻ ഭാരവാഹികളായി കെ.എം. ഈപ്പൻ (രക്ഷാധികാരി), ജോർജ് മത്തായി സി.പി.എ. (പ്രസിഡന്റ്), രാജൻ ആര്യപ്പള്ളിൽ (വൈസ് പ്രസിഡന്റ്), പാസ്റ്റർ റോയി വാകത്താനം (സെക്രട്ടറി), ജോയി തുമ്പമൺ, പാസ്റ്റർ തോമസ് മുല്ലക്കൽ (ജോ. സെക്രട്ടറിമാർ), റ്റിജു തോമസ് (ട്രഷറാർ), നെബു വെള്ളവന്താനം (പബ്ലിസിറ്റി കോർഡിനേറ്റർ) എന്നിവരെ തെരഞ്ഞെടുത്തു. പാസ്റ്റർ കെ.സി. ജോൺ ഫ്ളോറിഡ പ്രാർഥിച്ചു.

FOR ALL YOUR
AIR CONDITIONING & HEATING

PROFESSIONAL
Heating &
Air Conditioning



Goodman
Thank goodness for Goodman.

CONTACT: M.O. RAJU (RAJU OONNUNNY)
P.O Box 496791, GARLAND, TEXAS 75049
EMAIL: PROFESSIONALHEATANDAC@YAHOO.COM

LENNOX
Innovation never felt so good.

American Standard

TEL: 469-583-7488
FAX: 972-240-3300
WWW.PROFESSIONALHEATANDAC.COM

TRANE

Carrier

TACLB29309E

RESIDENTIAL & LIGHT COMMERCIAL — SALES, SERVICE AND INSTALLATIONS OF ALL BRANDS.

SINCE
1992

COSMOS
TRAVEL INC.

"YOUR PASSPORT TO THE WORLD"

Best Low Fares to
India, Special Fares
for Mission trip

2720 Stemmons Freeway, Suite 820
Dallas TX 75207
214 905 2009. info@cosmostravel.com

Edited, Published and Printed by : S.P. James & Joseprakash Karimpineth